# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 740 — 07-11-2016 ൽ മറുപടിയ്ക്ക്

### തുറമുഖങ്ങളുടെ റെയിൽ റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.ടി.തോമസ് :<br>ശ്രീ. എം.വിൻസെന്റ്<br>ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തുറമുഖങ്ങളുടെ റെയിൽ റോഡ് കണക്ടിവിറ്റി വികസിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) കൊടുങ്ങല്ലൂർ പോർട്ടിന്റെ ദേശീയ പാത 17 ലേക്കുള്ള കണക്ടിവിറ്റി, വിഴിഞ്ഞം തുറമുഖത്തേക്കുള്ള റോഡിന്റെ വീതി കൂട്ടുന്നതിനുള്ള നടപടി എന്നിവ സ്വീകരിച്ചു വരുന്നു. |
| (ബി) തുറമുഖങ്ങളിൽ നിന്നും ദേശീയ പാതയിലേക്കും റെയിൽവേ സ്റ്റേഷനുകളിലേക്കും റോഡുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വിശദമാക്കുമോ ; | (ബി) ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളേ ദേശീയ പാത 17 മായി ബന്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പൊന്നാനി പോർട്ടിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിന് കർമ്മ റോഡ് പി.ഡബ്ല്യു.ഡി നിർമ്മിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്തേക്കുള്ള റോഡിന്റെ വീതികൂട്ടൽ പുരോഗമിക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ? | (സി) നിലവിൽ കേന്ദ്ര സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. അഴീക്കൽ പോർട്ടിലേക്കുള്ള റോഡ് സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് അറിവായിട്ടുണ്ട്. എന്നാൽ ഇതുവരെ ഇതു സംബന്ധിച്ച ഉത്തരവ് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ